എൻ. ഒ. സി. തട്ടിപ്പ്

1387 [2246] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തിൽ എത്ര എൻ. ഒ. സി. തട്ടിപ്പുകേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസുകളിൽ ശിക്ഷിച്ചിട്ടുണ്ട്?

ഉത്തരം

(എ) 1-1-79 മുതൽ 31-3-79 വരെ 32 (മുപ്പത്തിരണ്ട്).

(ബി) മേൽപറഞ്ഞ കേസുകളിൽ 28 എണ്ണം അന്വേഷണത്തിലിരിക്കുന്നതും 2 എണ്ണം കോടതികളിൽ വിചാരണയിലും 2 എണ്ണം റഫർ ചെയ്തിട്ടുള്ളതും ആകുന്നു.

കാട്ടൂർ ഔട്ട് പോസ്റ്റ് പോലീസ് സ്റ്റേഷനാക്കാൻ നടപടി

1388 [2247] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ കാട്ടൂർ ഔട്ട് പോസ്റ്റ് അപ് ഗ്രേഡ് ചെയ്ത് ഒരു പോലീസ് സ്റ്റേഷനാക്കി ഉയർത്താൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇങ്ങനെ ഒരു നിർദ്ദേശം ഇപ്പോൾ ഗവൺമെൻറിന്റെ പരിഗണനയിലില്ല.

ഹരിജന മർദ്ദനം കേസ്സുകൾ

1389 [2248] ശ്രീ. വി. കെ. രാജൻ:

,, എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ എത്ര ഹരിജന മർദ്ദനക്കേസുകൾ 1978-79 വർഷത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര എണ്ണം ചാർജ് ചെയ്തു;

(സി) എത്ര കേസ് ശിക്ഷിച്ചു.

(ഡി) ഏതെങ്കിലും കേസ് കോടതി തള്ളിക്കളഞ്ഞിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 175

(ബി) 64

(സി, ഡി) 3 ശിക്ഷിച്ചു. 13 വെറുതെ വിട്ടു. 48 ഇപ്പോഴും വിചാരണയിലിരിക്കുന്നു.

മനഃശാസ്ത്രം പഠിപ്പിക്കുന്നതിന് നിയമിക്കപ്പെട്ടവർ

1390 [2249] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ട്രെയിനിംഗ് കോളേജിൽ സബ് ഇൻസ്പെക്ടർമാരെ മനഃശാസ്ത്രം പഠിപ്പിക്കുന്നതിന് ആരെയെങ്കിലും നിയമിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നിയമനം നടത്തിയത് എന്നായിരുന്നു എന്നും നിയമനം എത്ര നാളത്തേയ്ക്കായിരുന്നു എന്നും, ഇതിനോടകം ഈ നിയമനത്തിന്റെ കാലാവധി എത്ര പ്രാവശ്യം നീട്ടിക്കൊടുക്കുകയുണ്ടായി എന്നും വ്യക്തമാക്കുമോ;

(സി) പോലീസ് സബ് ഇൻസ്പെക്ടർമാരെ മനഃശാസ്ത്രം പഠിപ്പിക്കാൻ നിയോഗിച്ചിരിക്കുന്ന ഈ ഉദ്യോഗസ്ഥനു മനഃശാസ്ത്ര പഠനം സംബന്ധിച്ച പ്രത്യേക യോഗ്യതകളും എന്തെല്ലാമാണ് ഉള്ളതെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ നിയമനം കോൺട്രാക്ട് അടിസ്ഥാനത്തിൽ 18-10-1976 മുതൽ 14-7-1977-വരെ ആയിരുന്നു. ഈ നിയമനത്തിന്റെ കാലാവധി അവസാനിച്ചശേഷം നാലുപ്രാവശ്യം നീട്ടിക്കൊടുക്കുകയുണ്ടായി.

(സി) ഇപ്പോൾ നിയമിച്ചിരിക്കുന്ന ഉദ്യോഗസ്ഥനു ഇതിന്റെ അനുബന്ധത്തിൽ കൊടുത്തിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതകളാണുള്ളത്*.

ദിവസ ശമ്പളത്തിൽ നിയമിക്കുന്ന വനിതാ വാർഡർമാരുടെ സർവ്വീസ് സ്ഥിരമാക്കാൻ നടപടി

1391 [2250] ശ്രീ. ത്യാഗരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ ഡിപ്പാർട്ടുമെന്റിൽ, സബ് ജയിലുകളിൽ ദിവസ ശമ്പള അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന വനിതാ വാർഡർമാരെ അവരുടെ ദീർഘകാലത്തെ സർവ്വീസ് പരിഗണിച്ച് സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ:

(ബി) ദീർഘകാല സർവ്വീസുള്ള വനിതാ വാർഡർമാരെ സർവ്വീസിൽ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

*അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly